"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇംപാക്റ്റ് കേരള ലിമിറ്റഡ്, തിരുവനന്തപുരം, കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ്, ആലപ്പുഴ എന്നീ ഏജൻസികൾക്ക് അക്രഡിറ്റേഷൻ അനുവദിച്ചു കൊണ്ടും, അക്കാദമി ഓഫ് മീഡിയ ആൻഡ് ഡിസൈൻ, പാലക്കാട് എന്ന ഏജൻസിക്ക് അക്രഡിറ്റേഷൻ പുതുക്കി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1680/2025/LSGD തീയതി,തിരുവനന്തപുരം, 05-07-2025

---

പരാമർശം:-

1. സ.ഉ (എം.എസ്) നം. 133/2013/തസ്വഭവ തീയതി 30/03/2013
2. സ.ഉ (സാധാ) നം. 1159/2013/തസ്വഭവ തീയതി 26/04/2013.
3. സ.ഉ (സാധാ) നം.457/2022/തസ്വഭവ തീയതി 24/02/2022.
4. ഇംപാക്റ്റ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 20/12/2024-ലെ IMPACT/201/2023-ADMN നമ്പർ അപേക്ഷ.
5. കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 18/12/2024-ലെ KSCMMC/MKTG/091 നമ്പർ അപേക്ഷ.
6. അക്കാദമി ഓഫ് മീഡിയ ആൻഡ് ഡിസൈൻ മാനേജരുടെ 07/01/2025-ലെ LSGD-Adml-008/2025 നമ്പർ അപേക്ഷ.
7. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 12/06/2025-ന് ചേർന്ന അക്രഡിറ്റേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അംഗീകൃത അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്താൻ

പരാമർശം (1) പ്രകാരം മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അക്രഡിറ്റേഷനു വേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ പരിശോധന നടത്തി ശിപാർശ സമർപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരം അക്രഡിറ്റേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. വിവിധ മേഖലകളിൽ അക്രഡിറ്റേഷൻ അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (4), (5) പ്രകാരം യഥാക്രമം ഇംപാക്ട് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ് എന്നീ ഏജൻ സികളും, മീഡിയ ആൻഡ് ഡിസൈൻ രംഗത്ത് നൈപുണ്യ വികസനം (സ്കിൽ ഡെവലപ്മെന്റ്) നൽകുന്ന മേഖലയിൽ അനുവദിച്ച അക്രഡിറ്റേഷന്റെ കാലാവധി അവസാനിച്ചതിനാൽ പുതുക്കി നല്കണമെന്നഭ്യർത്ഥിച്ച് പരാമർശം (6) പ്രകാരം അക്കാദമി ഓഫ് മീഡിയ ആൻഡ് ഡിസൈൻ എന്ന ഏജൻസിയും സർക്കാരിലേക്ക് അപേക്ഷ നല്കിയിരുന്നു.

പരാമർശം 4 മുതൽ (6) വരെയുള്ള അപേക്ഷകളിന്മേൽ കില ഡയറക്ടർ ജനറൽ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് പരാമർശം (7)-ൽ പ്രതിപാദിച്ച അക്രഡിറ്റേഷൻ കമ്മിറ്റിയിൽ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ പുതുതായി അക്രഡിറ്റേഷൻ അനുവദിക്കുന്നതിനായി അപേക്ഷിച്ച ഇംപാക്ട് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ് എന്നീ ഏജൻസികൾക്ക് ചുവടെ പറയും പ്രകാരം ഏജൻസികളുടെ നേരെ ചേർത്തിരിക്കുന്ന മേഖലകളിൽ പരാമർശം (1) മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തരവ് തീയതി മുതൽ 3 വർഷത്തേക്ക് അക്രഡിറ്റേഷൻ നല്കിക്കൊണ്ടും, അക്കാദമി ഓഫ് മീഡിയ ആൻഡ് ഡിസൈൻ എന്ന ഏജൻസിയുടെ നേരെ ചേർത്തിരിക്കുന്ന മേഖലയിലെ അക്രഡിറ്റേഷൻ അവസാനിച്ച തീയതിയായ 24/02/2025 മുതൽ 3 വർഷത്തേക്ക് പുതുക്കി നല്കിക്കൊണ്ടും ഉത്തരവാകുന്നു. ഏജൻസികൾ ശേഷിക്കധികരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കുവാൻ പാടുള്ളതല്ല.

| ക്രമനം. | ഏജൻസിയുടെ പേര് | മേഖല |
|---|---|---|
| 1. | ഇംപാക്ട് കേരള ലിമിറ്റഡ്, തിരുവനന്തപുരം. | (1) ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ (S.T.P & F.S.T.P) DPR തയ്യാറാക്കൽ, ടെണ്ടറിംഗ്, നിർമ്മാണ മേൽനോട്ടം,<br><br>(2) മാർക്കറ്റ് കെട്ടിടങ്ങളുടെ DPR തയ്യാറാക്കൽ, ടെണ്ടറിംഗ്, നിർമ്മാണ മേൽനോട്ടം, |

| | | |
|---|---|---|
| | | (3) ക്രിമറ്റോറിയങ്ങളുടെ DPR തയ്യാറാക്കൽ, ടെണ്ടറിംഗ്, നിർമ്മാണ മേൽനോട്ടം |
| 2. | കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ്, ആലപ്പുഴ. | മാലിന്യങ്ങൾ ശേഖരിക്കുന്നതിന് സ്ഥാപിക്കുന്ന ബോട്ടിൽ ബൂത്ത്, മിനി എം.സി.എഫ്, മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള വീൽ ബാരോ, ഇലക്ട്രിക് വീൽ ബാരോ, മാലിന്യങ്ങൾ വേർതിരിക്കുന്നതിനുള്ള സോർട്ടിങ് കൺവെയറുകൾ, ഡി-ഡസ്റ്റർ മെഷീനുകൾ, പ്ലാസ്റ്റിക് ബോട്ടിലുകൾ കഷ്ണങ്ങളാക്കി മാറ്റുന്നതിനുള്ള ഷ്രെഡിംഗ് മെഷീൻ, (Shredding Machine) ബെയ്‌ലിംഗ് മെഷീനുകൾ തുടങ്ങിയ മാലിന്യ സംസ്കരണ ഉപാധികളായ വിവിധ മെഷീനുകൾ വിതരണം ചെയ്യുന്നതിന്. |
| 3. | അക്കാദമി ഓഫ് മീഡിയ ആന്റ് ഡിസൈൻ, പാലക്കാട്. | മീഡിയ ആൻഡ് ഡിസൈൻ രംഗത്ത് നൈപുണ്യ വികസനം (സ്കിൽ ഡെവലപ്മെന്റ്) നൽകുന്ന മേഖലയിൽ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ഡയറക്ടർ ജനറൽ, കില തൃശ്ശൂർ.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, ഇംപാക്ട് കേരള ലിമിറ്റഡ്, വഴുതക്കാട്, തിരുവനന്തപുരം 695010.

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ്,

ചുങ്കം, ആലപ്പുഴ, 688011.

മാനേജർ, അക്കാദമി ഓഫ് മീഡിയ ആന്റ് ഡിസൈൻ, പാലക്കാട് 678001.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള തിരുവനന്തപുരം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (3009005)

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 05-07-2025 17:12:51

സെക്ഷൻ ഓഫീസർ

പകർപ്പ്:

തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പി.എസിന്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എക്ക്.